(ബി)	നിർമ്മാണ പ്രവർത്തനങ്ങൾ	. .	224.85	ലക്ഷം രൂപ
	സൗജന്യ പാഠപുസ്തകം	. .	44.09	,, ,,
	ട്രെയിനർമാരുടെ ശമ്പളം	. .	32.53	,, ,,
	ബ്ലോക്ക് റിസോഴ്സ് സെന്റർ ചെലവുകൾ	. .	7.04	,, ,,
	ക്ലസ്റ്റർ ചെലവുകൾ	. .	10.98	,, ,,
	ടീച്ചർ ഗ്രാന്റ്	. .	28.99	,, ,,
	സ്കൂൾ ഗ്രാന്റ്	. .	12.70	,, ,,
	മെയിന്റനൻസ്, റിപ്പയർ	. .	20.83	,, ,,
	ഭിന്നതല പഠനകേന്ദ്രം	. .	24.28	,, ,,
	സംയോജിത വിദ്യാഭ്യാസ പദ്ധതി	. .	18.85	,, ,,
	റിസർച്ച് ആന്റ് ഇവാലുവേഷൻ	. .	3.10	,, ,,
	അദ്ധ്യാപക പരിശീലനം	. .	15.49	,, ,,
	കമ്പ്യൂട്ടർ പഠനം	. .	1.80	,, ,,
	ഏർലി ചൈൽഡ് ഫുഡ് കെയർ ആന്റ് എഡ്യൂക്കേഷൻ (ഇ. സി. സി. ഇ.)	. .	3.36	,, ,,
	പെൺകുട്ടികളുടെ വിദ്യാഭ്യാസം	. .	5.57	,, ,,
	പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാഭ്യാസം	. .	1.02	,, ,,
	മാനേജ്മെന്റ് ചെലവുകൾ	. .	22.59	,, ,,
	ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സ്കീമിൽ നൽകിയിട്ടില്ലാത്ത സ്കൂളുകൾക്കുള്ള പഠനോപകരണ ഗ്രാന്റ്	. .	33.00	,, ,,
	പൊതുജന ബോധവൽക്കരണ പ്രവർത്തനങ്ങൾ	. .	0.64	,, ,,
	ആകെ തുക	. .	**511.71**	**ലക്ഷം രൂപ**

ചേന്ദമംഗലൂർ ഗവൺമെന്റ് യു. പി. സ്കൂളിന് സ്വന്തം കെട്ടിടം

99 [3625] *ശ്രീ. യു. സി. രാമൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഗവൺമെന്റ് സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരം സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിലെ മുക്കം പഞ്ചായത്തിൽ ചേന്ദമംഗലൂർ മാപ്പിള ഗവൺമെന്റ് യു. പി. സ്കൂൾ വാടക കെട്ടിടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആരുടെ കെട്ടിടത്തിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത കെട്ടിടത്തിന് പ്രതിമാസം നൽകുന്ന വാടക എത്രയാണ്;

(ജി) വാടകയിനത്തിൽ കെട്ടിട ഉടമയ്ക്ക് നൽകാൻ കുടിശ്ശിക എന്തെങ്കിലുമുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എന്ത് കാരണം കൊണ്ടാണ് ഇത് നൽകാതിരിക്കുന്നത്;

(ഐ) എന്നത്തേക്ക് ഇത് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ജെ) ഈ സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(കെ) ഉണ്ടെങ്കിൽ എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 400 സ്കൂളുകൾ എന്നതാണ് ലഭ്യമായ കണക്ക്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും, പി. ടി. എ. മുഖേനയും ശ്രമം നടത്തിവരുന്നുണ്ട്. എസ്. എസ്. എ. ഫണ്ട് കെട്ടിട നിർമ്മാണത്തിന് വിനിയോഗിക്കുന്ന കാര്യവും പരിഗണിക്കും.

(സി) ഘട്ടംഘട്ടമായി മാത്രമേ ഇത് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ഉണ്ട്.

(ഇ) കെ. ടി. അബ്ദുൾ കരീം എന്നയാളുടെ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

(എഫ്) സ്കൂൾ രണ്ടു കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നു. ഒന്നിന്റെ വാടക 709 രൂപയും രണ്ടാമത്തേതിന്റെ വാടക 5388 രൂപയുമാണ്.

(ജി) ഉണ്ട്. 1-4-2003 മുതൽ വാടകക്കുടിശ്ശിക ഇനത്തിൽ 1,41,231 രൂപ കൊടുത്തുതീർക്കാനുണ്ട്.

(എച്ച്) ഫണ്ട് ലഭ്യമല്ലാത്തതിനാലാണ്.

(ഐ) 2004-2005 മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയാണ് വാടക നൽകുന്നത്. വാടക കുടിശ്ശിക നടപ്പുവർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടച്ചു തീർക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് അടിയന്തിരമായി ആവശ്യപ്പെടുവാൻ പൊതുവിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്.

(ജെ) കോഴിക്കോട് ജില്ലാപഞ്ചായത്ത് നടപടി സ്വീകരിച്ചുവരുന്നു.

(കെ) കെട്ടിടം പണി പൂർത്തിയായാലുടൻ നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly